## HADIA CSE Khutba Notes (10.03.2017)

# ലുഖ്മാനുൽഹകീം നൽകുന്ന പാഠം

നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിവിധ പരീക്ഷകൾ നടന്നുകൊണ്ടിരിക്കുകയാണ് ഇപ്പോൾ. പൊതുവെ പഠനവും പരീക്ഷയും വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം ഏറെ അരോചകവും മടുപ്പുളവാക്കുന്നതുമാണ്.

എന്തിനാണ് നാം പഠിക്കുന്നത്? അറിവ് സമ്പാദിക്കാൻ വേണ്ടിയാണെന്ന് നമുക്കെല്ലാവർക്കുമറിയാം. യഥാർത്ഥത്തിൽ അറിവാണ് ഒരു മനുഷ്യനെ വലുതാക്കുകയും വളർത്തുകയും ചെയ്യുന്നത്. വംശം കൊണ്ടോ കുലം കൊണ്ടോ സൗന്ദര്യം കൊണ്ടോ നാം എത്ര ചെറുതാണെങ്കിലും വിജ്ഞാനത്തിലൂടെ നമുക്ക് വലിയവനാകാനും മറ്റുള്ളവരുടെ ആത്മാർത്ഥമായ ആദരവ് പിടിച്ചു പറ്റാനും സാധിക്കും. അങ്ങനെയുള്ള ഒരു മഹാനാണ് വിശുദ്ധ ഖുർആൻ അധ്യായം 31ൽ പരിചയപ്പെടുത്തുന്ന ലുഖ്മാനുൽ ഹകീം.

ബി.സി പത്താം നൂറ്റാണ്ടിൽ ദാവൂദ് (അ)ന്റെ കാലത്ത് ആഫ്രിക്കയിലാണ് അദ്ദേഹം ജീവിച്ചത്. അടിമയും കറുത്തവനും ചുണ്ടുകൾ തടിച്ചു വീർത്ത വിരൂപനുമായിരുന്നു അദ്ദേഹം. ആടുമേക്കലും ആശാരിപ്പണിയും തുന്നലുമായിരുന്നു പ്രധാന തൊഴിൽ. സാധാരണ ഗതിയിൽ ആരുമറിയാതെ ജീവിച്ച് മരിച്ചുപോവുക മാത്രം ചെയ്യേണ്ട ഒരാൾ. എന്നാൽ അല്ലാഹു അദ്ദേഹത്തെ ഹിക്മത്ത് കൊണ്ട് അനുഗ്രഹിച്ചു.

وَلَقَدْ آتَيْنَا لُقْمَانَ الْحِكْمَةَ أَنِ اشْكُرْ لِلَّهِ ۚ وَمَن يَشْكُرْ فَإِنَّمَا يَشْكُرُ لِنَفْسِهِ ۖ وَمَن كَفَرَ فَإِنَّ اللَّهَ غَنِيٌّ حَمِيدٌ (12) وَإِذْ قَالَ
لُقْمَانُ لِابْنِهِ وَهُوَ يَعِظُهُ يَا بُنَيَّ لَا تُشْرِكْ بِاللَّهِ ۖ إِنَّ الشِّرْكَ لَظُلْمٌ عَظِيمٌ (13) وَوَصَّيْنَا الْإِنسَانَ بِوَالِدَيْهِ حَمَلَتْهُ أُمُّهُ وَهْنًا
عَلَىٰ وَهْنٍ وَفِصَالُهُ فِي عَامَيْنِ أَنِ اشْكُرْ لِي وَلِوَالِدَيْكَ إِلَيَّ الْمَصِيرُ (14) وَإِن جَاهَدَاكَ عَلَىٰ أَن تُشْرِكَ بِي مَا لَيْسَ لَكَ
بِهِ عِلْمٌ فَلَا تُطِعْهُمَا ۖ وَصَاحِبْهُمَا فِي الدُّنْيَا مَعْرُوفًا ۖ وَاتَّبِعْ سَبِيلَ مَنْ أَنَابَ إِلَيَّ ۚ ثُمَّ إِلَيَّ مَرْجِعُكُمْ فَأُنَبِّئُكُم بِمَا كُنتُمْ
تَعْمَلُونَ (15) يَا بُنَيَّ إِنَّهَا إِن تَكُ مِثْقَالَ حَبَّةٍ مِّنْ خَرْدَلٍ فَتَكُن فِي صَخْرَةٍ أَوْ فِي السَّمَاوَاتِ أَوْ فِي الْأَرْضِ يَأْتِ بِهَا اللَّهُ ۚ
إِنَّ اللَّهَ لَطِيفٌ خَبِيرٌ (16)

എന്താണ് ഹിക്മത്ത്? ഫിഖ്ഹ്, അഖ്ല്, ഫഹ്മ്, ഫിത്വാനത്ത്, ഇസ്വാബത്തുൽ ഹഖ് എന്നെല്ലാം പറയാം. അഥവാ, കാര്യങ്ങളെ ആഴത്തിൽ അപഗ്രഥിച്ച് വിശകലനം ചെയ്യാനും ഗ്രഹിക്കാനുമുള്ള കഴിവ്. നടന്നു പോവുന്ന സമയത്ത് എന്ത് ദൃശ്യങ്ങൾ കണ്ടാലും അവയെല്ലാം സൂക്ഷ്മമായി നിരീക്ഷിക്കുന്നത് ലുഖ്മാനുൽ ഹകീമി(റ)ന്റെ സ്വഭാവമായിരുന്നു.

ഹിക്മത്ത് ലഭിച്ചതിലൂടെ ലുഖ്മാനിന്റെ പ്രശസ്തി നാടെങ്ങും വർധിച്ചു. പോകുന്നിടത്തെല്ലാം അദ്ദേഹത്തെ ശ്രവിക്കാൻ ആളുകൾ ചുറ്റും കൂടി. പണ്ട് ആടിനെ മേച്ച് നടന്ന ലുഖ്മാൻ തന്നെയല്ലേ ഇദ്ദേഹം?! ആളുകൾ അദ്ഭുതത്തോടെ പറയുമായിരുന്നത്രേ. ദാവൂദി(അ)നെ നിയോഗിക്കുന്നതു വരെ ബനൂ ഇസ്രാഈല്യരുടെ ഖാദി ആവാനും മഹാനവറുകൾക്ക് സൗഭാഗ്യമുണ്ടായി.

അദ്ദേഹത്തിന്റെ കാലത്തിന്റെ 1700 വർഷങ്ങൾക്കു ശേഷം സ്രഷ്ടാവിനാൽ അവതരിച്ച വിശുദ്ധ ഖുർആനിലും ലുഖ്മാന് സ്ഥാനം ലഭിച്ചു. ഖുർആനിലെ ഒരു അധ്യായത്തിന്റെ പേര് സൂറത്തു ലുഖ്മാൻ എന്നാണ്. അദ്ദേഹം തന്റെ മകന് നൽകുന്ന പത്തോളം ഉപദേശങ്ങൾ അല്ലാഹു ഈ അധ്യായത്തിൽ പരാമർശിക്കുന്നു. ഇവയെല്ലാതെ വേറെയും പല ദർശനങ്ങൾ (ഹിക്മത്തുകൾ) അദ്ദേഹം സംസാരിച്ചിരുന്നതായി ചരിത്ര ഗ്രന്ഥങ്ങളിൽ കാണാം. ചില ഉദാഹരണങ്ങൾ:

اتّخِذ تقوى الله تعالى تجارة يأتك الربح من غير بضاعة.

أحضر الجنائز ولا تحضر العرس. فإن الجنائز تذكر الآخرة والعرس يشهيك الدنيا.

لا تكن أعجز من هذا الديك الذي يصوّت بالأسحار وانت نائم على فراشك.

لا تؤخر التوبة فان الموت يأتي بغتة. لا ترغب في ودّ الجاهل فيرى انك ترضى عمله.

ما ندمت على الصمت قطّ فان الكلام اذا كان من فضة كان السكوت ذهبا.

# ലുഖ്മാനുൽഹകീം നൽകുന്ന പാഠം

اعتزل الشر كما يعتزلك فان الشر للشر خلق.

عليك بمجالس العلماء واستمع كلام الحكماء. فإن الله تعالى يحيى الأرض بوابل المطر.

فان من كذب ذهب ماء وجهه. ومن ساء خلقه كثر غمه.

ونقل الصخور من موضعها ايسر من إفهام من لا يفهم.

يأتي على الناس زمان لا تقرّ فيه عين حليم.

اختر المجالس على عينك فاذا رأيت المجلس يذكر فيه الله فاجلس معهم. فإنك ان تك عالما ينفعهم علمك. وان تك غبيا يعلّموك. وان يطّلع الله عليهم برحمة تصبك معهم. لا تجلس في المجلس الذي لا يذكر فيه الله. فإنك ان تكن عالما ينفعك علمك. وان تكن غبيا يزيدوك غباوة.

لا يأكل طعامك الا الأتقياء.

وشاور في أمرك.

ان الدنيا بحر عميق وقد غرق فيها ناس كثير فاجعل سفينتك فيها تقوى الله وحشوها الإيمان بالله. وشراعها التوكل على الله.

اني حملت الجندل والحديد فلم احمل شيئا اثقل من جار السوء. وذقت المرارة كلها فلم اذق اشد من الكفر.

ان الحكمة اجلست المساكين مجالس الملوك.

لا تتعلم ما لا تعلم حتى تعمل بما تعلم.

إياك والدين فانه ذل النهار وهمّ الليل.

اذا اردت ان تؤاخي رجلا فأغضبه قبل ذلك. فإن انصفك عند غضبه والا فاحذره.

عوّد لسانك ان يقول اللهم اغفر لي فان لله ساعات لا ترد.

വെറും ഒരു ലുഖ്മാൻ മാത്രമല്ല, അദ്ദേഹത്തെപ്പോലെയുള്ള എത്രയോ ആളുകളെ നമുക്ക് ചരിത്രത്തിൽ കാണാൻ സാധിക്കും. ഉദാഹരണത്തിന്, ഇബ്നു അബ്ബാസി(റ)ന്റെ ശിഷ്യനും പ്രമുഖ ഖുർആൻ വ്യാഖ്യാതാവുമായ മുജാഹിദ്. ഒരു അടിമ മാത്രമായിരുന്ന അദ്ദേഹം തന്റെ പിൽക്കാല അനുഭവം രേഖപ്പെടുത്തുന്നു: പ്രമുഖ സ്വഹാബി ഇബ്നു ഉമർ (റ) പോലും എനിക്ക് ഖിദ്മത്ത് ചെയ്യാറുണ്ട്.

ചുരുക്കത്തിൽ വിജ്ഞാനമാണ് ഏറ്റവും വലിയ സമ്പാദ്യമെന്ന് നാം മനസ്സിലാക്കുക. അത് മക്കളെ നാം പറഞ്ഞു പഠിപ്പിക്കുകയും ചെയ്യുക. ഖുർആനിലെ സൂറത്ത് ലുഖ്മാൻ നമ്മോട് പറഞ്ഞുകൊണ്ടിരിക്കുന്ന സന്ദേശമാണിത്.

(അപ്രതീക്ഷിതമായി വന്ന ചില സാങ്കേതിക തടസ്സങ്ങൾ കാരണം വിശദ കുറിപ്പ് തയ്യാറാക്കാൻ ഈ ആഴ്ച സാധിച്ചിട്ടില്ല.)

ഖുതുബ നോട്ട്സ്
**HADIA Centre for Social Excellence (CSE)**
Panakkad, Pattarkadavu P.O
Malappuram DT, Kerala -676519
csehadia@gmail.com I www.hadia.in

**For any clarification: 9496445823**

**Visit: www.hadia.in, www.islamonweb.net**

Follow our updates & like us: https://www.facebook.com/HADIACSE/